ചിട്ടി ബിസിനസ്സ് വികസനത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി ഏജൻസി വ്യവസ്ഥ വിപുലപ്പെടുത്തുകയുണ്ടായി. ഇപ്പോൾ ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കാനും ചിട്ടിപ്പണം വീട്ടുപടിയ്ക്കൽ വന്നു ശേഖരിയ്ക്കാനുമായി 2800-ഓളം ചിട്ടി കൃാൻവാസ്സിംഗ് ഡോർകളക്ഷൻ ഏജന്റുമാർ കെ.എസ്.എഫ്.ഇ.-യ്ക്കു വേണ്ടി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ.യുടെ പദ്ധതികളിൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ആൾജാമ്യവ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്വയംതൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായ നികുതിദായകർ എന്നിവർക്കും ചിട്ടികളിൽ ജാമ്യം നിൽക്കാനുള്ള സൗകര്യം ഉണ്ട്.

ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥകളിൽ ശമ്പളത്തിനുപുറമേ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ആശ്രിതരുടെ എണ്ണം, പങ്കാളിയുടെ വരുമാനം സ്ഥാവര സ്വത്ത് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സമ്പ്രദായംവഴി ചിട്ടി ജാമ്യത്തിന്റെ പരിധി ഉയർത്താനുള്ള സൗകര്യമുണ്ട്.

വസ്തു ഈടായി സ്വീകരിക്കാനുള്ള ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽനിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലയ്ക്കനുസൃതമായ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്വ്യൂവർമാരേയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ വസ്തുവിന്റെ അംഗീകൃത വില ബാദ്ധ്യതയ്ക്ക് തികയാതെവരുന്ന സാഹചര്യങ്ങളിൽ ബാദ്ധ്യതയിന്മേൽ 10 ശതമാനംവരെ ഇളവുചെയ്യാറുമുണ്ട്.

(ബി) കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാനുസൃതമായി ഗണ്യമായ വേതന വർദ്ധനവോടെയും മറ്റാനുകൂല്യങ്ങളോടുകൂടിയും പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ കുട്ടികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. കലാകായിക രംഗങ്ങളിൽ അവരുടെ പ്രശംസാർഹമായ നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി) കെ.എസ്.എഫ്.ഇ.യിൽ ഇപ്പോൾ തന്നെ 3000-ത്തോളം കൃാൻവാസ്സിംഗ് കളക്ഷൻ ഏജന്റുമാർ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതുകൊണ്ട് ചിട്ടികൾ കൃാൻവാസ്സ് ചെയ്ത് നൽകുന്ന ഏജന്റുമാർ അല്ലാത്തവർക്ക് കമ്മീഷൻ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

132 (2610) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ സേവനം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമീണ മേഖലകളിൽ സേവനം ലഭ്യമാക്കാനായി ഇത്തരം പ്രദേശങ്ങളിൽ കെ.എസ്.എഫ്.ഇ. യുടെ കൂടുതൽ ബ്രാഞ്ചുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ ;

(സി) എങ്കിൽ പുതിയതായി ഈ സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ. യുടെ എത്ര ഗ്രാമീണ ബ്രാഞ്ചുകൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യുടെ ചിട്ടി പദ്ധതികളുടെ പ്രയോജനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആൾ ജാമ്യവ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കുപുറമേ സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായ നികുതിദായകർ എന്നിവർക്കും ചിട്ടികളിൽ ജാമ്യം നിൽക്കാനുള്ള സൗകര്യം ഉണ്ട്. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥകളിലും കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ശമ്പളത്തിനുപുറമേ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ആശ്രിതരുടെ എണ്ണം, പങ്കാളിയുടെ വരുമാനം, സ്ഥാവര സ്വത്ത് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സമ്പ്രദായംവഴി ചിട്ടി ജാമ്യത്തിന്റെ പരിധി ഉയർത്താനുള്ള സൗകര്യം ഉണ്ട്. വസ്തു ഈടായി സ്വീകരിക്കാനുള്ള ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലയ്ക്കനുസൃതമായ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്യുവർമാരേയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ വസ്തുവിന്റെ അംഗീകൃത വില ബാദ്ധ്യതയ്ക്ക് തികയാതെവരുന്ന സാഹചര്യങ്ങളിൽ ബാദ്ധ്യതയിന്മേൽ 10 ശതമാനം വരെ ഇളവു ചെയ്യാറുമുണ്ട്.

മൂല്യവർദ്ധിത സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 2006-ൽ ഗോൾഡൻ ജൂബിലി ചിട്ടി, 2007 മുതൽ പൊന്നോണ ചിട്ടികൾ, പ്രവാസി ബന്ധുചിട്ടികൾ എന്നീ കൃാമ്പയിനുകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത കൃാമ്പയിനുകളിലൂടെ കമ്പനി സമാഹരിച്ച വരുമാനത്തിന്റെ 20% വരെ ചിട്ടി ഇടപാടുകാർക്കുതന്നെ വിവിധതരം സമ്മാനങ്ങളായി പങ്കുവയ്ക്കുകയുണ്ടായി. ഇത്തരത്തിലുള്ള 9 കൃാമ്പയിനുകൾ വിജയകരമായി നടത്തിക്കഴിഞ്ഞതിലൂടെ ചിട്ടി ബിസിനസ്സിലും ഇടപാടുകാരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ കെ.എസ്.എഫ്.ഇ.ശാഖകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദേശ മലയാളികൾ അവരുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് അയയ്ക്കുന്ന പണം ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ മുഖേന കെ.എസ്.എഫ്.ഇ.-യുടെ ശാഖകളിൽ 2004 മുതൽ സജീവമായി ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 2010-11 സാമ്പത്തിക വർഷത്തിൽ ആകെ 50 പുതിയ ശാഖകൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 24 എണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അവയിൽ 16 എണ്ണം ഗ്രാമീണ മേഖലയിലാണ്.

വയനാട് ജില്ലയിലെ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

133 (2611) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ച കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(ബി) വയനാട് ജില്ലയിലെ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളുടെ താലൂക്ക ടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ജില്ലയിൽ പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വയനാട് ജില്ലയിൽ കൽപ്പറ്റ, മാനന്തവാടി, മീനങ്ങാടി, മേപ്പാടി, സുൽത്താൻ ബത്തേരി, പുൽപ്പള്ളി എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-ക്ക് ബ്രാഞ്ചുകൾ ഉണ്ട്.

(സി) ഉണ്ട്. വയനാട് ജില്ലയിലെ പൂതാടി, വൈത്തിരി, പനമരം, തരുവണ എന്നീ സ്ഥലങ്ങളിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാർ

134 (2612) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ. എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര, താൽക്കാലികക്കാരെത്ര എന്നിവ വെളിപ്പെടുത്തുമോ ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ പിരിച്ചു വിട്ടു ; എത്രപേരെ പുതുതായി നിയമിച്ചു ;

(ഇ) പി. എസ്. സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തി യിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly